# കേരള സർക്കാർ

## സംഗ്രഹം

കൃഷി വകുപ്പ് - കൃഷി വകുപ്പിന് കീഴിലുള്ള ഫാമുകളിലെ കാഷ്വൽ തൊഴിലാളികളെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കുന്നതിനുള്ള പ്രായപരിധി ഉയർത്തികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കൃഷി (ഫാംസ്) വകുപ്പ്**

**സ.ഉ.(കൈ) നം.47/2018/കൃഷി.** തീയതി, തിരുവനന്തപുരം, **26/03/2018**

പരാമർശം :- 1) 12/12/1985 ലെ സ.ഉ(സാധാ) 416/85/കൃഷി ഉത്തരവ്
2) 03/12/2013 ലെ സ.ഉ(പി) നം.36/2013/പി&എആർഡി
3) 27/01/2018 ലെ കൃഷി ഡയറക്ടറുടെ എൽ(2) 51546/2015 നമ്പർ കത്ത്

## ഉത്തരവ്

പരാമർശം(1) ഉത്തരവിൽ കൃഷി വകുപ്പിന് കീഴിലുള്ള ഫാമുകളിലെ കാഷ്വൽ തൊഴിലാളികളെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നിയമിക്കുന്നതിനുള്ള പ്രായപരിധി 18-35 വയസ്സായി നിർദ്ദേശിച്ചിരുന്നു. പരാമർശം(2) ഉത്തരവ് പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നടത്തുന്ന നിയമനങ്ങൾക്ക് പൊതു വിഭാഗത്തിന്റെ പ്രായ പരിധി 36 ൽ നിന്ന് 41 ആയും, ഒബിസി വിഭാഗത്തിന്റേത് 39 ൽ നിന്ന് 44 ആയും, പട്ടികജാതി വിഭാഗത്തിന്റേത് 41 ൽ നിന്ന് 46 ആയും ഉയർത്തിയിട്ടുണ്ട്. നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും കാഷ്വൽ തൊഴിലാളി നിയമനത്തിന് ലിസ്റ്റ് ആവശ്യപ്പെടുമ്പോൾ 35 വയസ്സിൽ കൂടുതലുള്ള അപേക്ഷകരുടെ ലിസ്റ്റ് ആണ് ലഭിക്കുന്നതെന്നും ഇത് ഫാമുകളിലെ കാഷ്വൽ തൊഴിലാളി നിയമനങ്ങൾക്ക് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്നും ആയതിനാൽ കൃഷി വകുപ്പിന് കീഴിലുള്ള ഫാമുകളിലെ കാഷ്വൽ തൊഴിലാളി നിയമനത്തിനുള്ള പ്രായപരിധി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ പരാമർശം(2) ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ളതു പോലെ ഏകീകരിച്ച് പരിഷ്കരിക്കണമെന്നും പരാമർശം(3) കത്ത് പ്രകാരം കൃഷി ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

കൃഷി ഡയറക്ടറുടെ ശുപാർശ സർക്കാർ വിശദമായി പരിശോധിച്ചു. കൃഷി വകുപ്പിന് കീഴിലുള്ള ഫാമുകളിലെ കാഷ്വൽ തൊഴിലാളികളെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നിയമിക്കുന്നതിന് പൊതു വിഭാഗത്തിന്റെ പ്രായ പരിധി 36 ൽ നിന്ന് 41 ആയും, ഒബിസി വിഭാഗത്തിന്റേത് 39 ൽ നിന്ന് 44 ആയും, പട്ടികജാതി വിഭാഗത്തിന്റേത് 41 ൽ നിന്ന് 46 ആയും ഉയർത്തി കൊണ്ടും, ഫാമിനോട് ചേർന്ന് വരുന്ന സമീപ വില്ലേജുകളിലുള്ള ഉദ്യോഗാർത്ഥികളെ അതാത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും ലിസ്റ്റ് ലഭ്യമാക്കി അഭിമുഖത്തിലൂടെ യോഗ്യരായവരെ തെരഞ്ഞെടുത്ത് നിയമനം നടത്തേണ്ടതാണെന്ന് നിഷ്കർഷിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**മിനി.കെ.**
**അഡീഷണൽ സെക്രട്ടറി**

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം.
അക്കൌണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം
അഡീഷണൽ ഡയറക്ടർ (ഫാംസ്).
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ